## 19/2019-M

Maximum : 100 marks

Time : 1 hour and 15 minutes

1. ഇന്ത്യയുടെ ഏറ്റവും വലിയ ഭൂപ്രകൃതി വിഭാഗം ഏത്?
   (A) ഉത്തരപർവ്വത മേഖല
   (B) ഉത്തര മഹാസമതലം
   (C) ഉപദ്വീപീയ പീഠഭൂമി
   (D) തീരസമതലങ്ങൾ

2. ചുവടെ നൽകിയിട്ടുള്ളതിൽ പടിഞ്ഞാറോട്ട് ഒഴുകുന്ന നദി ഏത്?
   (A) മഹാനദി
   (B) താപ്തി
   (C) കാവേരി
   (D) കൃഷ്ണ

3. ഇന്ത്യയുടെ വടക്കു-തെക്ക് നീളം എത്രയാണ്?
   (A) 2933 കി.മീ.
   (B) 2400 കി.മീ.
   (C) 3214 കി.മീ.
   (D) 3100 കി.മീ.

4. 2011-ലെ സെൻസസ് പ്രകാരം സാക്ഷരതയിൽ 2-ാം സ്ഥാനത്തുള്ള ഇന്ത്യൻ സംസ്ഥാനം ഏത്?
   (A) മിസോറം
   (B) കേരളം
   (C) ത്രിപുര
   (D) മഹാരാഷ്ട്ര

5. ചുവടെ നൽകിയിട്ടുള്ളതിൽ തദ്ദേശസ്വയംഭരണ സ്ഥാപനം ചുമത്തുന്ന നികുതി ഏത്?
   (A) എക്സൈസ് ഡ്യൂട്ടി
   (B) സേവന നികുതി
   (C) വിനോദ നികുതി
   (D) മൂല്യ വർദ്ധിത നികുതി

6. ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാനപുനസംഘടനാ കമ്മീഷനിലെ മലയാളി അംഗം ആരായിരുന്നു?
   (A) കാവാലം മാധവപ്പണിക്കർ
   (B) ചേറ്റൂർ ശങ്കരൻ നായർ
   (C) വി.പി. മേനോൻ
   (D) എ.കെ. ഗോപാലൻ

7. ദേശീയ വിദ്യാഭ്യാസ ദിനമായി ആചരിക്കുന്ന നവംബർ 11 ആരുടെ ജന്മദിനമാണ്?
   (A) ഡോ. കെ. രാധാകൃഷ്ണൻ
   (B) മൗലാനാ അബ്ദുൾ കലാം ആസാദ്
   (C) ജവഹർലാൽ നെഹ്റു
   (D) ഡോ. രാജേന്ദ്രപ്രസാദ്

8. സ്വാതന്ത്ര്യം ലഭിക്കുമ്പോൾ ഇന്ത്യൻ വൈസ്രോയി ആരായിരുന്നു?
   (A) വേവൽ പ്രഭു
   (B) കഴ്സൺ പ്രഭു
   (C) ഇർവ്വിൻ പ്രഭു
   (D) മൗണ്ട് ബാറ്റൺ പ്രഭു

9. കേരളത്തിൽ ഏറ്റവും കൂടുതൽ കാണുന്ന മണ്ണിനം ഏത്?

(A) എക്കൽ മണ്ണ്
(B) ചെമ്മണ്ണ്
(C) മണൽ മണ്ണ്
(D) ലാറ്ററൈറ്റ് മണ്ണ്

10. ഏതു നദിക്കരയിലാണ് ശ്രീനാരായണഗുരു ശിവപ്രതിഷ്ഠ നടത്തിയത്?

(A) കരമനയാർ
(B) നെയ്യാർ
(C) പെരിയാർ
(D) വാമനപുരം പുഴ

11. മനസ്സാണ് ദൈവം എന്ന് പ്രഖ്യാപിച്ച സാമൂഹ്യപരിഷ്കർത്താവ് ആര്?

(A) സഹോദരൻ അയ്യപ്പൻ
(B) ശ്രീനാരായണഗുരു
(C) ചട്ടമ്പി സ്വാമികൾ
(D) ബ്രഹ്മാനന്ദ ശിവയോഗി

12. വൈക്കം സത്യാഗ്രഹത്തിന്റെ മുഖ്യനേതാവ് ആര്?

(A) ടി.കെ. മാധവൻ
(B) കെ. കേളപ്പൻ
(C) എ.കെ. ഗോപാലൻ
(D) മന്നത്തു പത്മനാഭൻ

13. തൃശ്ശൂരിൽ ഐക്യകേരള യോഗം നടന്ന വർഷം :

(A) 1950
(B) 1948
(C) 1956
(D) 1946

14. ക്ഷേത്രപ്രവേശന വിളംബരം എഴുതി തയ്യാറാക്കിയത് ആര്?

(A) ഉള്ളൂർ എസ്. പരമേശ്വരയ്യർ
(B) കുമാരനാശാൻ
(C) സി.പി. രാമസ്വാമി അയ്യർ
(D) എ.കെ. ഗോപാലൻ

15. പുത്തൻപാന എന്ന കൃതി രചിച്ചതാര്?

(A) കുറുമ്പൻ ദൈവത്താൻ
(B) കുര്യാക്കോസ് ഏലിയാസ്
(C) അർണോസ് പാതിരി
(D) പാമ്പാടി ജോൺ ജോസഫ്

16. ഇപ്പോഴത്തെ ഐക്യരാഷ്ട്രസഭാ സെക്രട്ടറി ജനറൽ ആരാണ്?

(A) ആന്റോണിയോ ഗട്ടേസ്
(B) കോഫി അന്നൻ
(C) ബാൻ കി മൂൺ
(D) ബുട്രോസ് ഖാലി

17. ജി.എസ്.ടി. ബിൽ പാസ്സാക്കിയ ആദ്യ നിയമസഭ :

(A) ഗുജറാത്ത് (B) തമിഴ്നാട്
(C) കർണ്ണാടക (D) ആസ്സാം

18. ലോകത്തിലെ ഏറ്റവും വലിയ പ്രതിമയായ ഏകതാ പ്രതിമയുടെ ഉയരം എത്ര?

(A) 128 മീറ്റർ (B) 182 മീറ്റർ
(C) 168 മീറ്റർ (D) 188 മീറ്റർ

19. മികച്ച നയങ്ങൾക്കുള്ള ഓസ്കാർ എന്നറിയപ്പെടുന്ന ഫ്യൂച്ചർ പോളിസി പുരസ്ക്കാരം 2018-ൽ ഐക്യരാഷ്ട്രസഭയിൽ നിന്നും ലഭിച്ച സംസ്ഥാനം :

(A) ത്രിപുര (B) മഹാരാഷ്ട്ര
(C) മദ്ധ്യപ്രദേശ് (D) സിക്കിം

20. ഇപ്പോഴത്തെ ഇന്ത്യയുടെ സോളിസിറ്ററി ജനറൽ ആയ വ്യക്തി :

(A) രഞ്ജിത് കുമാർ (B) കെ.കെ. വേണുഗോപാൽ
(C) തുഷാർ മേത്ത (D) മുഗുൾ റോത്ഗി

21. അഷ്ടാംഗഹൃദയത്തിൽ എത്ര സ്ഥാനങ്ങളാണുള്ളത്?

(A) 5 (B) 6
(C) 8 (D) 4

22. അഷ്ടാംഗഹൃദയത്തിൽ വാഗ്ഭടാചാര്യൻ വിഷ ചികിത്സയ്ക്ക് നല്കിയിട്ടുള്ള പേര് എന്താണ്?

(A) അഗദതന്ത്രം (B) ശല്യതന്ത്രം
(C) ദംഷ്ട്ര ചികിത്സ (D) വിഷ ചികിത്സ

23. ശാരീരിക ദോഷങ്ങൾ എത്ര എണ്ണമാണുള്ളത്?

(A) 2 (B) 3
(C) 4 (D) 1

24. മനുഷ്യശരീരത്തിൽ എത്ര ധാതുക്കൾ ഉണ്ട്?

(A) 5 (B) 7
(C) 8 (D) 3

25. കാരണദ്രവ്യങ്ങൾ എത്ര എണ്ണമാണുള്ളത്?

(A) 9 (B) 10

(C) 2 (D) 15

26. വമനത്തിനു ഉപയോഗിക്കുന്ന മദനഫലത്തിന്റെ ശാസ്ത്രീയനാമം ഏതാണ്?

(A) Randia dumetorum (B) Cassia fistula

(C) Calotropis gigantea (D) Terminalia chebula

27. മഹാസ്നേഹങ്ങളുടെ കൂട്ടത്തിൽ വാഗ്ഭടാചാര്യൻ ഏറ്റവും ഉത്തമമായി കണക്കാക്കുന്നത് ഏതിനെയാണ്?

(A) സർപ്പിസ് (B) മജ്ജ

(C) തൈലം (D) വസ

28. തൈലപാനത്തിന് അനുയോജ്യമായ ഋതുവായി വാഗ്ഭടാചാര്യൻ നിർദ്ദേശിക്കുന്നത് ഏതാണ്?

(A) വസന്തം (B) ഹേമന്തം

(C) പ്രാവൃട് (D) വർഷം

29. പഞ്ചപ്രസൃതപേയയിൽ നാല് സ്നേഹദ്രവ്യങ്ങൾക്കൊപ്പം ചേർക്കുന്ന അഞ്ചാമത്തെ ദ്രവ്യം ഏതാണ്?

(A) പേയ (B) വിലേപി

(C) തണ്ഡുലം (D) ഓദനം

30. സുശ്രുതാചാര്യന്റെ മതം അനുസരിച്ച് മനുഷ്യശരീരത്തിൽ എത്ര അസ്ഥികളാണുള്ളത്?

(A) 300 (B) 360

(C) 320 (D) 400

31. സുശ്രുതസംഹിത ശാരീരസ്ഥാനത്തിൽ സ്ത്രീകളിൽ എത്ര പേശികൾ കാണുന്നതായിട്ടാണ് പ്രതിപാദിച്ചിട്ടുള്ളത്?

(A) 500 (B) 520

(C) 400 (D) 420

32. ഓജസ് എത്ര തരത്തിലുണ്ട്?

(A) 1 (B) 2

(C) 3 (D) 4

33. ആധുനിക വൈദ്യശാസ്ത്ര പ്രകാരം 'ക്രേനിയൽ നേർവുകളുടെ' എണ്ണം എത്ര?

(A) 13
(B) 11
(C) 12
(D) 15

34. ഒരു ആരോഗ്യവാനായ മനുഷ്യന്റെ സാധാരണ രക്തസമ്മർദ്ദം എത്രയാണ്? (mm/mercury യൂണിറ്റിൽ)

(A) 120/80
(B) 110/90
(C) 120/90
(D) 120/100

35. പരാദിഗുണങ്ങളുടെ എണ്ണം എത്ര?

(A) 11
(B) 10
(C) 20
(D) 24

36. വിഷം, ഛർദ്ദി, ഹിധ്മ, തൃട്, ശ്വാസം, കാസം എന്നീ അവസ്ഥകളിൽ ഔഷധം ഏത് അന്നകാലത്തിലാണ് നല്കുന്നത്?

(A) ഇടയ്ക്കിടെ
(B) രാത്രിയിൽ
(C) ഉരുളയുടെ ഉള്ളിൽ ആക്കി
(D) ആഹാരത്തിനു മുമ്പ്

37. അഷ്ടാംഗഹൃദയം അനുസരിച്ച് പഞ്ചശോധനങ്ങളിൽ ഉൾപ്പെടാത്തത് ഏത്?

(A) നിരൂഹവസ്തി
(B) വമനം
(C) വിരേചനം
(D) വസ്തി

38. ദൃഷ്ടിയിൽ സ്ഥിതിചെയ്യുന്ന പിത്തം ഏത്?

(A) പാചകം
(B) രഞ്ജകം
(C) ഭ്രാജകം
(D) ആലോചകം

39. കഫ പ്രധാനമായ ദേശം ഏത്?

(A) ജാംഗലം
(B) ആനൂപം
(C) സമം
(D) സാധാരണം

40. സ്വരസത്തിന്റെ ഔഷധമാത്ര എത്ര?

(A) 1/2 പലം
(B) 1/4 പലം
(C) 2 പലം
(D) 4 പലം

41. അഷ്ടാംഗഹൃദയപ്രകാരം ഉദ്വർത്തനത്തിന്റെ ദോഷഹരത്വം ഏതാണ്?

(A) കഫം (B) വാതം

(C) പിത്തം (D) ത്രിദോഷം

42. കേശത്തിനും ചക്ഷുവിനും നല്ലതല്ലാത്തത് എന്ത്?

(A) ശീതോദക സ്നാനം (B) ഉഷ്ണോദക സ്നാനം

(C) സ്നാനം (D) ചൂർണ്ണോദക സ്നാനം

43. ഏത് ഋതുവാണ് ഉത്തരായനത്തിൽ ഉൾപ്പെട്ടിട്ടില്ലാത്തത്?

(A) ശിശിരം (B) വസന്തം

(C) ഗ്രീഷ്മം (D) ഹേമന്തം

44. ഗ്രീഷ്മഋതുവിൽ വാഗ്ഭടാചാര്യൻ ക്ഷീരം കുടിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഏത് മൃഗത്തിന്റെ ക്ഷീരമാണ് ആചാര്യൻ പറഞ്ഞിരിക്കുന്നത്?

(A) എരുമ (B) പശു

(C) ആട് (D) ആന

45. ഋതുസന്ധി എത്ര ദിവസങ്ങളാണ്?

(A) 12 ദിവസം (B) 14 ദിവസം

(C) 20 ദിവസം (D) 24 ദിവസം

46. 'ഹംസോദകം' പ്രതിപാദിച്ചിരിക്കുന്ന ഋതു ഏതാണ്?

(A) ശരത് (B) വർഷം

(C) ഗ്രീഷ്മം (D) ശിശിരം

47. ആഹാരശേഷം ജലപാനം നടത്തിയാൽ എന്താണ് ഫലം?

(A) കൃശനായി തീരും (B) സ്ഥൂലനായി തീരും

(C) അതിസാരം ഉണ്ടാകും (D) ഗ്രഹണീ രോഗം ഉണ്ടാകും

48. മോരിന്റെ (തക്രം) ദോഷഹരത്വം ഏതാണ്?

(A) വാതഹരം (B) കഫവാതഹരം

(C) കഫഹരം (D) പിത്തഹരം

49. മൂത്രവർഗ്ഗത്തിൽ എത്ര മൂത്രങ്ങളെയാണ് വാഗ്ഭടാചാര്യൻ പറയുന്നത്?

(A) 7
(B) 9
(C) 8
(D) 2

50. ശിരസ്സിൽ സ്ഥിതിചെയ്യുന്ന കഫം ഏത്?

(A) ബോധകം
(B) തർപ്പകം
(C) ക്ലേദകം
(D) അവലംബകം

51. രോഗമാർഗ്ഗങ്ങൾ എത്ര?

(A) 1
(B) 2
(C) 3
(D) 4

52. രസങ്ങൾ എത്രയാണ്?

(A) 5
(B) 6
(C) 7
(D) 8

53. തീക്ഷ്ണമായ വമനം ഏത് ദോഷത്തിന്റെ ചികിത്സയാണ്?

(A) വാതം
(B) പിത്തം
(C) കഫം
(D) ത്രിദോഷം

54. 'മഹാജവം' എന്ന പേരിൽ അറിയപ്പെടുന്ന വാതം ഏതാണ്?

(A) പ്രാണൻ
(B) ഉദാനൻ
(C) വ്യാനൻ
(D) സമാനൻ

55. ആർത്തവം, ശകൃത്, മൂത്രം തുടങ്ങിയവയുടെ നിഷ്ക്രമണത്തെ സഹായിക്കുന്ന വാതം ഏതാണ്?

(A) പ്രാണൻ
(B) ഉദാനൻ
(C) അപാനൻ
(D) സമാനൻ

56. ചരകസംഹിതയിൽ പ്രതിപാദിച്ചിട്ടുള്ള ആഗ്നേയസ്വേദങ്ങൾ എത്ര?

(A) 13
(B) 12
(C) 8
(D) 4

57. ഉദ്യർത്തനം ഏത് ദിശയിലാണ് ചെയ്യേണ്ടത്?

(A) അനുലോമം
(B) പ്രതിലോമം
(C) രണ്ടും ചെയ്യാം
(D) ആദ്യം അനുലോമം പിന്നെ പ്രതിലോമം

58. അച്ഛപാനം ഏത് മാത്രയിലാണ് നല്കുന്നത്?

(A) ബഹുമാത്ര
(B) മദ്ധ്യമമാത്ര
(C) അല്പമാത്ര
(D) സമമാത്ര

59. അതിസ്വേദം നടന്നാൽ എന്ത് ചികിത്സ നല്കാനാണ് വാഗ്ഭടാചാര്യൻ നിർദ്ദേശിച്ചിരിക്കുന്നത്?

(A) സ്തംഭന ചികിത്സ
(B) ശീതജലപാനം
(C) സ്നാനം
(D) വസ്തി നല്കുക

60. ചരകാചാര്യന്റെ അഭിപ്രായത്തിൽ സ്വേദനത്തിന്റെ ദോഷഹരത്വം എന്ത്?

(A) വാതകഫം
(B) വാതം
(C) കഫം
(D) പിത്തം

61. വമനൗഷധം നല്കിയ ശേഷം എത്ര സമയമാണ് വേഗങ്ങൾക്കായി കാത്തിരിക്കേണ്ടത്?

(A) 1/2 മുഹൂർത്തം
(B) 1 മുഹൂർത്തം
(C) 2 മുഹൂർത്തം
(D) 3 മുഹൂർത്തം

62. വമനവും വിരേചനവും കഴിഞ്ഞാൽ തൊട്ടടുത്ത ദിവസങ്ങളിൽ എന്താണ് ചെയ്യേണ്ടത്?

(A) സംസർജനക്രമം
(B) സ്വേദനം
(C) നസ്യം
(D) ധാര

63. യോഗവസ്തി എത്ര വസ്തികൾ ചേർന്നതാണ്?

(A) 7
(B) 8
(C) 15
(D) 30

64. നിരൂഹവസ്തി ദ്രവ്യം നല്കിയാൽ എത്ര സമയം കൊണ്ട് അത് പുറത്തേക്ക് വരും?

(A) 2 മുഹൂർത്തം
(B) 1 മുഹൂർത്തം
(C) 1/2 മുഹൂർത്തം
(D) 3 മുഹൂർത്തം

65. അനുവാസന വസ്തി ദ്രവ്യത്തിന്റെ പ്രത്യാഗമന കാലം :

(A) 1 യാമം
(B) 2 യാമം
(C) 3 യാമം
(D) 4 യാമം

66. സ്ത്രീകളിൽ ഉപയോഗിക്കുന്ന ഉത്തരവസ്തി നേത്രത്തിന്റെ നീളം എത്ര?

(A) 10 അംഗുലം
(B) 12 അംഗുലം
(C) 14 അംഗുലം
(D) 8 അംഗുലം

67. ധൂമപാനത്തിന്റെ യോഗ്യകാലങ്ങൾ എത്രയാണ്?

(A) 10
(B) 15
(C) 14
(D) 17

68. ധൂമപാനത്തിനുശേഷം പുക മൂക്കിലൂടെ പുറത്തേക്ക് വിട്ടാൽ ഏത് അവയവത്തെ അത് ബാധിക്കുന്നു?

(A) മൂക്ക്
(B) ചെവി
(C) കണ്ണ്
(D) ശ്വാസകോശം

69. ഗണ്ഡൂഷം എത്ര തരത്തിലാണുള്ളത്?

(A) 1
(B) 2
(C) 3
(D) 4

70. വിഷഘ്ന മുഖാലേപം എത്ര ഘനത്തിലാണ് പുരട്ടേണ്ടത്?

(A) 1/4 അംഗുലം
(B) 1/3 അംഗുലം
(C) 1/2 അംഗുലം
(D) 1 അംഗുലം

71. കല്കം, രസക്രിയ, ചൂർണ്ണം ഇവ എന്തിന്റെ വിഭാഗങ്ങളാണ്?

(A) മുഖലേപം
(B) കമ്പളം
(C) പ്രതിസാരണം
(D) ഗണ്ഡൂഷം

72. വായിൽ കഫം കൊണ്ടു നിറയുക, കണ്ണിൽ നിന്നും മൂക്കിൽ നിന്നും സ്രാവം വരിക എന്നിവ ഏതിന്റെ സമ്യക് ലക്ഷണമാണ്?

(A) കമ്പളം
(B) ഗണ്ഡൂഷം
(C) വസ്തി
(D) വിരേചനം

73. മൂർദ്ധതൈലം എത്ര തരത്തിലാണ് ഉള്ളത്?

(A) 3
(B) 4
(C) 2
(D) 1

74. ശിരോവസ്തിക്ക് ഉപയോഗിക്കുന്ന ചർമ്മപട്ടത്തിന്റെ ഉയരം എത്ര?

(A) 10 അംഗുലം
(B) 12 അംഗുലം
(C) 14 അംഗുലം
(D) 4 അംഗുലം

75. കർണ്ണപൂരണത്തിന്റെ പശ്ചാത് കർമ്മമായി പറയുന്നത് കർണ്ണത്തിന്റെ മൂലത്തിൽ മർദ്ദനം ചെയ്യാനാണ്. ഇത് എത്ര നേരം ചെയ്യണം?

(A) 100 മാത്രാകാലം
(B) 120 മാത്രാകാലം
(C) 300 മാത്രാകാലം
(D) 200 മാത്രാകാലം

76. അഞ്ജനം എത്ര തരത്തിലാണ് ഉള്ളത്?

(A) 4
(B) 3
(C) 2
(D) 1

77. വിരലുകൾ കൊണ്ട് ചെയ്യാവുന്ന തരം അഞ്ജനം ഏതാണ്?

(A) ലേഖനം
(B) രോപണം
(C) പ്രസാദനം
(D) പ്രത്യഞ്ജനം

78. തർപ്പണത്തിന് കണ്ണിനുചുറ്റും നിർമ്മിക്കുന്ന പാളിയുടെ ഉയരം എത്ര?

(A) 1 അംഗുലം
(B) 2 അംഗുലം
(C) 3 അംഗുലം
(D) 4 അംഗുലം

79. അഷ്ടാംഗഹൃദയത്തിന്റെ അരുണദത്തൻ എഴുതിയ വ്യാഖ്യാനത്തിന്റെ പേര് എന്താണ്?

(A) സർവ്വാംഗസുന്ദര
(B) ആയുർവ്വേദ രസായനം
(C) ദീപിക
(D) ആയുർവ്വേദ ദീപിക

80. വസ്തി നേത്ര ദോഷങ്ങൾ എത്ര?

(A) 6
(B) 7
(C) 8
(D) 10

81. ഗുർവ്വാദി ഗുണങ്ങൾ എത്ര?

(A) 10
(B) 20
(C) 30
(D) 8

82. ആയുർവ്വേദം അനുസരിച്ച് മനുഷ്യശരീരത്തിൽ എത്ര സിരകളാണ് ഉള്ളത്?

(A) 700
(B) 800
(C) 1000
(D) 100

83. കൊഴുപ്പിൽ അലിയാത്ത വിറ്റാമിൻ ഏതാണ്?

(A) വിറ്റാമിൻ എ
(B) വിറ്റാമിൻ ബി
(C) വിറ്റാമിൻ ഡി
(D) വിറ്റാമിൻ കെ

84. ലഘുത്രയിയിൽ ഉൾപ്പെടാത്തത് ഏത്?

(A) മാധവനിദാനം
(B) ശാർങ്ഗധര സംഹിതാ
(C) ഭാവപ്രകാശം
(D) മാധവചികിത്സ

85. ആയുർവ്വേദപ്രകാരം മലങ്ങളുടെ സംഖ്യ :

(A) 1
(B) 2
(C) 3
(D) 4

86. മനോദോഷങ്ങൾ എത്ര?

(A) 1
(B) 2
(C) 3
(D) 4

87. 'പിത്തകൃത് സ്പർശശീതളം' ഏത് ദ്രവ്യത്തിന്റെ ഗുണമാണ്?

(A) ധാന്യാമ്ലം
(B) ദ്രാക്ഷാരിഷ്ടം
(C) തക്രം
(D) തൈര്

88. കൃശനും സ്ഥൂലനും ഒരുപോലെ നല്ലത്, ഉറക്കക്കുറവിലും അതിയായ ഉറക്കത്തിനും വളരെ ഹിതമായത് ഏത്?

(A) മദ്യം
(B) മധു
(C) എണ്ണ
(D) നെയ്യ്

89. പതിനെട്ട് വയസ്സുമുതൽ എഴുപത് വയസ്സുവരെ ഉള്ള ഒരാളുടെ നിരൂഹവസ്തിക്ക് ഉപയോഗിക്കുന്ന ദ്രവ്യത്തിന്റെ അളവ് :

(A) 24 പലം
(B) 10 പലം
(C) 12 പലം
(D) 48 പലം

90. വസ്തിപ്രണിധാന ദോഷങ്ങൾ എത്ര?

(A) 10
(B) 20
(C) 8
(D) 12

91. പ്രധമനനസ്യത്തിന് ഉപയോഗിക്കുന്ന നാഡിയുടെ നീളം എത്ര?

(A) 5 അംഗുലം
(B) 6 അംഗുലം
(C) 2 അംഗുലം
(D) 12 അംഗുലം

92. പഞ്ചകർമ്മത്തിൽ പ്രതിപാദിക്കുന്ന മഹാദോഷകര ഭാവങ്ങൾ എത്ര?

(A) 8
(B) 2
(C) 12
(D) 51

93. പക്വാശയത്തിൽ സ്ഥിതിചെയ്യുന്ന ദോഷങ്ങളെ അകറ്റാൻ ചരകൻ നിർദ്ദേശിക്കുന്ന വിധി :

(A) വമനം
(B) നസ്യം
(C) വിരേചനം
(D) രക്തമോക്ഷം

94. അഷ്ടാംഗഹൃദയം സൂത്രസ്ഥാനത്തിൽ എത്ര അദ്ധ്യായങ്ങൾ ഉണ്ട്?

(A) 30
(B) 40
(C) 60
(D) 12

95. ശബ്ദം സഹിക്കാൻ കഴിയായ്ക ഏത് ധാതുക്ഷയത്തിന്റെ ലക്ഷണമാണ്?

(A) രസം
(B) രക്തം
(C) മാംസം
(D) മേദസ്

96. ആഴത്തിൽ നിലയുറപ്പിച്ച ദോഷങ്ങളെ അകറ്റാൻ ഉള്ള രക്തമോക്ഷണോപാധി ഏത്?

(A) ജളൂകാവചരണം
(B) സിരാവ്യധം
(C) പ്രച്ഛാനം
(D) എല്ലാം

97. ദന്തീ-ദ്രവന്തികൾ ശോധനത്തിനായി ഉപയോഗിക്കുന്ന ചെടികളാണ്. ഇവയുടെ ഉപയോഗപ്രദമായ ഭാഗം ഏത്?

(A) മൂലം
(B) ത്വക്
(C) ഫലം
(D) ബീജം

98. വമനം നല്ല രീതിയിൽ നടന്നില്ലെങ്കിൽ ഉണ്ടാകുന്ന ലക്ഷണങ്ങളിൽ പെടാത്തത് ഏത്?

(A) സ്ഫോടം
(B) കോഠം
(C) കണ്ഡു
(D) ദദ്രു

99. 'പിത്താന്തം' എന്തിന്റെ ലൈംഗികീ ലക്ഷണമാണ്?

(A) വിരേചനം
(B) വമനം
(C) നസ്യം
(D) വസ്തി

100. ഉന്മാദം എന്ത് അധികമായാലാണ് ഉണ്ടാകുന്നത്?

(A) വമനം
(B) വിരേചനം
(C) നസ്യം
(D) വസ്തി

SPACE FOR ROUGH WORK

**SPACE FOR ROUGH WORK**